**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1841** **29-09-2025 - ൽ മറുപടിയ്ക്ക്**

**കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസലിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കുറ്റിപ്പുറം സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനായി 30/10/2019 - ലെ സ.ഉ.(സാധാ)നം. 1945/2019/ ഉ.വി.വ ഉത്തരവ് പ്രകാരം 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ DSR 2018 -ൽ വ്യത്യാസം വരികയും, അതിൻ പ്രകാരം പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് പുനർനിർണ്ണയിക്കുകയും ചെയ്തു. അപ്രകാരം ആകെ 5,54,40,000/- (അഞ്ച് കോടി അൻപത്തി നാല് ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചു. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും NIT കോഴിക്കോട് നിന്നോ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ ഉള്ള മണ്ണ് പരിശോധന വിദഗ്ധനെ കൊണ്ട് മണ്ണ് പരിശോധിച്ച റിപ്പോർട്ട് സഹിതം പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ നിർദേശം നൽകുകയും ചെയ്തു.<br><br>പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിന്റെ ഏകദേശ സ്കെച്ച് അനുസരിച്ച standard plinth area rate പ്രകാരം പൈൽ ഫൗണ്ടേഷൻ ഉൾപ്പെടെ ഏകദേശം 9 കോടി രൂപയോളം ആകുമെന്നും ഭരണാനുമതി തുക ഉപയോഗിച്ച് കെട്ടിടം പൂർണ്ണമായും നിർമ്മിക്കാൻ കഴിയില്ലായെന്നും ഗ്രൗണ്ട് ഫ്ലോറിലെ ക്ലാസ് റൂം ഉൾപ്പെട്ട ഭാഗം മാത്രമേ നിർമ്മിക്കുവാൻ കഴിയുകയുള്ളൂവെന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയും പുതുക്കിയ ഭരണാനുമതിക്കായി സർക്കാരിലേക്ക് വീണ്ടും പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു.<br><br>ടി നിർമ്മാണവുമായി ബന്ധപ്പെട്ട്, നിലവിലെ കരാറുകാരൻ ഭാവിയിൽ യാതൊരു ക്ലെയിമുകളും |

| | | | |
|---|---|---|---|
| | | | ഉന്നയിക്കില്ലെന്ന് രേഖാമൂലം സമ്മതം നൽകുന്ന പക്ഷം, റിസ്കും ചെലവുമില്ലാതെ (without risk and cost) കരാർ അവസാനിപ്പിക്കുന്നതിനും, ഇതിനുപകരമായി PEB (Pre Engineering building) അല്ലെങ്കിൽ Prefab pre stressed building with prefab slab & walls പോലെയുള്ള ബദൽ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച്, അനുവദിച്ച ഭരണാനുമതി തുകയ്ക്കുള്ളിൽ ഒരു പുതിയ, ECONOMICAL PROPOSAL സമർപ്പിക്കുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കിയിരുന്നു.<br><br>എഗ്രിമെന്റ് വെച്ച് നിർമ്മാണ പ്രവൃത്തി ആരംഭിച്ച മേൽ പ്രവൃത്തിക്ക് പുതിയൊരു പ്രൊപ്പോസൽ സമർപ്പിക്കുവാൻ സാധ്യമല്ലായെന്ന് മലപ്പുറം പൊതുമരാമത്ത് കെട്ടിട വിഭാഗം സൂപ്രണ്ട് എഞ്ചിനീയറിംഗ് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കി 27/06/2024 ന കരാർ ഒപ്പിട്ടെങ്കിലും പണി തുടങ്ങിയിട്ടില്ല. എന്നാൽ നിർമ്മാണ സ്ഥലം താഴ്ന്ന പ്രദേശമായതുകൊണ്ട് മണ്ണുപരിശോധനാ റിപ്പോർട്ട് പ്രകാരം ശരാശരി 28.5 മീറ്റർ ആഴത്തിൽ പൈൽ ഫൗണ്ടേഷൻ ആവശ്യമായി വരികയും എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള പ്രീഫാബ്രിക്കേറ്റഡ് പൈൽ നിർമ്മാണം തിരഞ്ഞെടുക്കുകയാണെങ്കിൽ, വർക്ക് സ്കോപ്പ് മാറിയതുകൊണ്ട് പുതുക്കിയ ഭരണാനുമതി ആവശ്യമായി വരുമെന്നും, കൂടാതെ 2025 ഏപ്രിൽ മുതൽ DSOR 2018-ൽ നിന്ന് 2021-ലേക്ക് മാറിയതുകൊണ്ട്, പുതുക്കിയ ഭരണാനുമതിക്കും ടെൻഡർ നടപടികൾക്കും സാമ്പത്തിക ബാധ്യതകൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാലും മേൽ വിഷയത്തിൽ ഉചിതമായ ഒരു തീരുമാനം എടുക്കണമെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | കുറ്റിപ്പുറം സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനായി 30/10/2019 - ലെ സ.ഉ.(സാധാ)നം. 1945/2019/ ഉ.വി.വ ഉത്തരവ് പ്രകാരം 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ DSR 2018 -ൽ വ്യത്യാസം വരികയും, അതിൻ പ്രകാരം പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് പുനർനിർണ്ണയിക്കുകയും ചെയ്തു. അപ്രകാരം ആകെ 5,54,40,000/- (അഞ്ച് കോടി അൻപത്തി നാല് |

ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചു. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും NIT കോഴിക്കോട് നിന്നോ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ ഉള്ള മണ്ണ് പരിശോധന വിദഗ്ധനെ കൊണ്ട് മണ്ണ് പരിശോധിച്ച റിപ്പോർട്ട് സഹിതം പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ നിർദേശം നൽകുകയും ചെയ്തു.

പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിന്റെ ഏകദേശ സ്കെച്ച് അനുസരിച്ച standard plinth area rate പ്രകാരം പൈൽ ഫൗണ്ടേഷൻ ഉൾപ്പെടെ ഏകദേശം 9 കോടി രൂപയോളം ആകുമെന്നും ഭരണാനുമതി തുക ഉപയോഗിച്ച് കെട്ടിടം പൂർണ്ണമായും നിർമ്മിക്കാൻ കഴിയില്ലായെന്നും ഗ്രൗണ്ട് ഫ്ലോറിലെ ക്ലാസ് റൂം ഉൾപ്പെട്ട ഭാഗം മാത്രമേ നിർമ്മിക്കുവാൻ കഴിയുകയുള്ളൂവെന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയും പുതുക്കിയ ഭരണാനുമതിക്കായി സർക്കാരിലേക്ക് വീണ്ടും പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു.

ടി നിർമ്മാണവുമായി ബന്ധപ്പെട്ട്, നിലവിലെ കരാറുകാരൻ ഭാവിയിൽ യാതൊരു ക്ലെയിമുകളും ഉന്നയിക്കില്ലെന്ന് രേഖാമൂലം സമ്മതം നൽകുന്ന പക്ഷം, റിസ്കും ചെലവുമില്ലാതെ (without risk and cost) കരാർ അവസാനിപ്പിക്കുന്നതിനും, ഇതിനുപകരമായി PEB (Pre Engineering building) അല്ലെങ്കിൽ Prefab pre stressed building with prefab slab & walls പോലെയുള്ള ബദൽ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച്, അനുവദിച്ച ഭരണാനുമതി തുകയ്ക്കുള്ളിൽ ഒരു പുതിയ, ECONOMICAL PROPOSAL സമർപ്പിക്കുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കിയിരുന്നു.

എഗ്രിമെന്റ് വെച്ച് നിർമ്മാണ പ്രവൃത്തി ആരംഭിച്ച മേൽ പ്രവൃത്തിക്ക് പുതിയൊരു പ്രൊപ്പോസൽ സമർപ്പിക്കുവാൻ സാധ്യമല്ലായെന്ന് മലപ്പുറം പൊതുമരാമത്ത് കെട്ടിട വിഭാഗം സൂപ്രണ്ട് എഞ്ചിനീയറിംഗ് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കി 27/06/2024 ന കരാർ ഒപ്പിട്ടെങ്കിലും പണി തുടങ്ങിയിട്ടില്ല. എന്നാൽ നിർമ്മാണ സ്ഥലം താഴ്ന്ന പ്രദേശമായതുകൊണ്ട് മണ്ണുപരിശോധനാ റിപ്പോർട്ട് പ്രകാരം ശരാശരി 28.5

| | | | |
|---|---|---|---|
| | | | മീറ്റർ ആഴത്തിൽ പൈൽ ഫൗണ്ടേഷൻ ആവശ്യമായി വരികയും എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള പ്രീഫാബ്രിക്കേറ്റഡ് പൈൽ നിർമ്മാണം തിരഞ്ഞെടുക്കുകയാണെങ്കിൽ, വർക്ക് സ്കോപ്പ് മാറിയതുകൊണ്ട് പുതുക്കിയ ഭരണാനുമതി ആവശ്യമായി വരുമെന്നും, കൂടാതെ 2025 ഏപ്രിൽ മുതൽ DSOR 2018-ൽ നിന്ന് 2021-ലേക്ക് മാറിയതുകൊണ്ട്, പുതുക്കിയ ഭരണാനുമതിക്കും ടെൻഡർ നടപടികൾക്കും സാമ്പത്തിക ബാധ്യതകൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാലും മേൽ വിഷയത്തിൽ ഉചിതമായ ഒരു തീരുമാനം എടുക്കണമെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ